പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2451 **27-10-2026-ൽ മറുപടിയ്ക്ക്**

ബാറുകൾക്കും മദ്യവിൽപ്പന സ്ഥാപനങ്ങൾക്കും ലൈസൻസ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എൻ. ശക്തൻ

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. എം. ആർ. ബൈജു

മറുപടി നൽകിയ മന്ത്രി

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) ബാറുകൾക്കും മദ്യവിൽപ്പനശാലകൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

മറുപടി: നിലവിലുള്ള അബ്കാരി നിയമം , വിദേശമദ്യ ചട്ടങ്ങൾ , സർക്കാർ ഉത്തരവുകൾ, സർക്കാരിന്റെ കാലാകാലങ്ങളിലുള്ള മദ്യനയം, ലൈസൻസിംഗ് വ്യവസ്ഥകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ബാറുകൾക്കും മദ്യവിൽപ്പനശാലകൾക്കും ലൈസൻസ് അനുവദിക്കുന്നത്. വിവിധതരം വിദേശ മദ്യശാലകൾക്ക് ലൈസൻസ് നൽകുന്നത് അബ്കാരി നിയമത്തിന് കീഴിൽ വരുന്ന 1953 ലെ വിദേശ മദ്യ ചട്ടങ്ങളിലെ ചട്ടം 13 പ്രകാരമാണ്. ചട്ടം 13(1) ൽ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ Ltd, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ Ltd, കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റിവ് കൺസ്യൂമർ ഫെഡ് Ltd എന്നീ FL 01 സ്ഥാപനങ്ങൾക്കും, ചട്ടം 13(3) പ്രകാരം ബാറുകൾക്കും (FL 03), ചട്ടം 13(4A) പ്രകാരം വിവിധ ക്ലബുകൾക്കും(FL 04A), ചട്ടം 13(11) പ്രകാരം ബിയർ & വൈൻ പാർലറുകൾക്കും(FL11) മദ്യം നൽകുന്നതിനുള്ള ലൈസൻസ് നൽകിവരുന്നു. ഓപ്പൺ പോർട്ടലായ ' സർവീസ് പ്ലസ് ' പോർട്ടൽ മുഖേയാണ് ലൈസൻസുകൾക്കായി അപേക്ഷിക്കേണ്ടത്.

ലൈസൻസ് നൽകുന്നതിലെ പ്രധാന മാനദണ്ഡങ്ങൾ:

ഒരു പ്രദേശത്തെ ജനസംഖ്യ, അവിടെ പ്രവർത്തിക്കുന്ന മറ്റ് ലൈസൻസ് സ്ഥാപനങ്ങൾ എന്നിവ പരിഗണിച്ച് പ്രാദേശിക ആവശ്യകത കണക്കിലെടുത്താണ് ലൈസൻസുകൾ നൽകുന്നത്.

കേന്ദ്ര ടൂറിസം മന്ത്രാലയം സ്റ്റാർ ക്ലാസ്സിഫിക്കേഷൻ നൽകിയിട്ടുള്ള ഹോട്ടൽ & റെസ്റ്റോറന്റുകളിൽ 3 സ്റ്റാറും അതിനുമുകളിൽ സ്റ്റാർ ക്ലാസ്സിഫിക്കേഷൻ ഉള്ളവയ്ക്കാണ് ബാർ ലൈസൻസ് നൽകുന്നത്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ , ക്ഷേത്രം , ചർച്ച് , മോസ്ക് , ശ്മശാനം, പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ എന്നിവയുടെ 200 മീറ്റർ പരിധിക്കുള്ളിൽ പുതിയതായി FL1, FL3, FL11, ലൈസൻസുകൾ അനുവദിക്കുകയില്ല. ബാറുകളിൽ 4 സ്റ്റാർ ക്ലാസ്സിഫിക്കേഷനും അതിനുമുകളിൽ സ്റ്റാർ ക്ലാസ്സിഫിക്കേഷനുമുള്ളവയ്ക്ക് മേൽപ്രകാരം ഉള്ള ഇടങ്ങളിൽ 50 മീറ്റർ ദൂരപരിധിക്കുള്ളിൽ ലൈസൻസ് അനുവദിക്കുകയില്ല. സീസണൽ ബിയർ & വൈൻ പാർലറുകളിൽ (FL11D) കേരള ടൂറിസം വകുപ്പ് 1 സ്റ്റാർ, 2 സ്റ്റാർ, 3 സ്റ്റാർ ക്ലാസ്സിഫിക്കേഷൻ നല്കിയവയ്ക്ക് 200 മീറ്റർ ദൂരപരിധിക്കുള്ളിലും 4 സ്റ്റാർ മുതൽ മുകളിലോട്ട് ഉള്ളവയ്ക്ക് 50 മീറ്റർ ദൂരപരിധിക്കുള്ളിലും ലൈസൻസ് അനുവദിക്കില്ല. ക്ലബ്ബ് ലൈസൻസുകൾക്ക് ദൂരപരിധി നിയമം ബാധകമല്ല.

ലൈസൻസിനായി അപേക്ഷിക്കുന്നവരും പാർട്ണർഷിപ്പിൽ ഉള്ളവരും ഡയറക്ടർമാരും മറ്റ് അബ്കാരി കുറ്റകൃത്യങ്ങൾ, എൻ.ഡി.പി.എസ് കുറ്റകൃത്യങ്ങൾ, Kerala Spiritious Preperations (Control) Rules 1972 എന്നിവ പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവരാകാൻ പാടില്ല.

ലൈസൻസിനായി അപേക്ഷിക്കുന്നവർക്ക് കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ കുടിശ്ശിക ഉണ്ടായിരിക്കാൻ പാടില്ല.

കേരള റെക്ടിഫൈഡ് സ്പിരിറ്റ് റൂൾസ് പ്രകാരം ലൈസൻസ് ഉള്ളവർക്ക് മേൽ ലൈസൻസുകൾ നൽകുവാൻ സാധിക്കുന്നതല്ല.

ലൈസൻസിനായി അപേക്ഷിക്കുന്നവർ സാമ്പത്തികഭദ്രത ഉള്ളവർ ആയിരിക്കേണ്ടതാണ്.

(ബി) മദ്യവിൽപ്പനശാലകളുടെ പ്രവർത്തനസമയം, ലൈസൻസ് വ്യവസ്ഥകൾ, ഉപഭോക്താക്കളുടെ നിയമപരമായ പ്രായപരിധി എന്നിവ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> മദ്യ വില്പന ശാലകളും ബാറുകളും നിയമാനുസൃതമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി എക്സൈസ് ഇൻസ്പെക്ടറോ അതിന് മുകളിലോ ഉള്ള ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ എക്സൈസ് റേഞ്ച് , എക്സൈസ് സർക്കിൾ കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥരും, ജില്ലാ സംസ്ഥാന സ്ക്വാഡുകളും വിവിധ തലങ്ങളിൽ പരിശോധനയും നിരീക്ഷണവും നടത്തിവരുന്നു. ലൈസൻസ് വ്യവസ്ഥകളുടെ ലംഘനം , നിയമവിരുദ്ധമായ മദ്യ വില്പന, അനുവദനീയമല്ലാത്ത സമയങ്ങളിലെ പ്രവർത്തനം തുടങ്ങിയ ക്രമക്കേടുകളും, പ്രായപരിധി സംബന്ധിച്ച നിയമവ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്ന പരിശോധനകളും നടത്തിവരുന്നുണ്ട്.

(സി) കഴിഞ്ഞ മൂന്ന് വർഷകാലയളവിൽ ബാറുകളിലെയും മദ്യവിൽപ്പനശാലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

<u>മറുപടി:</u> കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ ബാറുകൾ, മദ്യ വില്പന ശാലകൾ എന്നിവിടങ്ങളിലെ നിയമലംഘനങ്ങൾക്കെതിരെ 288 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ബാറുകൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുമായി ബന്ധപ്പെട്ട്, കഴിഞ്ഞ 3 വർഷ കാലയളവിൽ 48 ലൈസൻസുകൾ സസ്പെൻഡ് ചെയ്തിട്ടുള്ളതും, 1 ലൈസൻസ് റദ്ദ് ചെയ്തിട്ടുമുള്ളതാണ്.

സെക്ഷൻ ഓഫീസർ